(ബി) ഉണ്ടെങ്കിൽ എത്രയെണ്ണം ലാക്കുട്ട ചെയ്തിട്ടുണ്ട്; അവ ഏതൊക്കെയാണ്;

(സി) തന്മൂലം എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിട്ടുണ്ട്?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) ഇല്ല.

(ബി, സി) ചോദ്യം ഉദിക്കുന്നില്ല.

Departmental tests.

*1727. [18] **Shri K. Karunakaran :** Will the Chief Minister be pleased to state :

(a) whether there was a G. O. No. Ms. 805 dated 27-6-1958 by which the members of the Scheduled Castes and Tribes in service were given extension of two years for passing the departmental tests; and

(b) whether this G. O. was given effect to in the Local Fund Department with retrospective effect?

Minister for Finance (**Shri C. Achutha Menon**) :

(a) Yes.

(b) Yes.

ശ്രീ. കെ. കരുണാകരൻ : ഈ ടെസ്റ്റിൽ പാസ്സായവർക്കൊക്കെ എംപ്ലായ്മെന്റ് കൊടുത്തിട്ടുണ്ടോ?

ശ്രീ. സി. അച്യുതമേനോൻ : ഈ ടെസ്റ്റുകൾ എന്തെല്ലാം ഡിപ്പാർട്ടുമെന്റിനു ബാധകമാണോ അവിടെയെല്ലാം പ്രമോഷൻ കൊടുത്തിട്ടുണ്ടാവും.

എക്സ്പ്രസ്സ് ബസ്സുകളിൽ എം. എൽ. എ. മാരുടെ സീറ്റ് റിസർവേഷൻ.

*1728. [19] ശ്രീ. എം. എ. ആന്റണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തൊഴിൽവകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) എക്സ്പ്രസ്സ് ബസ്സുകളിൽ ഒരേ സമയത്തു മൂന്നു എം. എൽ. എ. മാർക്കു മാത്രമേ മുൻകൂട്ടി സീറ്റ് റിസർവ്വു ചെയ്യുവാൻ പാടുള്ളൂ എന്ന നിബന്ധന പ്രാബല്യത്തിൽ ഉണ്ടോ;

(ബി) ഇതു വളരെ അസൗകര്യമാണെന്നുള്ളതുകൊണ്ട് ഈ നിയമം എടുത്തുകളയുവാൻ ഉദ്ദേശിക്കുന്നുണ്ടോ?

പൊതുമരാമത്തുവകുപ്പുമന്ത്രി (ശ്രീ. ടി. അബ്ദുൽ മജീദ്) :

(എ) ഇല്ല.

(ബി) ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. എം. എ. ആന്റണി : സാധാരണ എക്സ്പ്രസ് ബസ്സുകളിൽ മൂന്നിൽ കൂടുതൽ ആളുകൾക്ക് സ്പെഷ്യൽ പെർമിറ്റുകൾ കൊടുക്കുന്നില്ലെന്നു അറിയാമോ?

LIBRARY ARCHIVES Kerala Legislative Assembly